## പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 495** **21.10.2011-ൽ മറുപടിക്ക്**

## ശുചിത്വവർഷം പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : | ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പു മന്ത്രി) |
| എ) ഒക്ടോബർ രണ്ടുമുതൽ ഒരു വർഷത്തേക്ക് ശുചിത്വവർഷമായി ആചരിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; | എ) സംസ്ഥാനത്ത് മാലിന്യ നിർമ്മാർജ്ജനം ലക്ഷ്യം വച്ച് വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് ശക്തമായ ഒരു സമ്പൂർണ്ണ ശുചിത്വ കാമ്പയിൻ 2011 ഒക്ടോബർ മാസം രണ്ട് മുതൽ ഒരു വർഷക്കാലത്തേക്ക് ഒരു ജനകീയ സംരംഭമായി സംഘടിപ്പിക്കുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. |
| ബി) ശുചിത്വവർഷം പദ്ധതിയുടെ നടത്തിപ്പിനായി മന്ത്രിമാർ, ഗവൺമെന്റ് സെക്രട്ടറിമാർ എന്നിവരുൾപ്പെട്ട ഒരു കമ്മിറ്റിക്ക് ഇതിനകം രൂപം നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ വളിപ്പെടുത്തുമോ; | ബി) ശുചിത്വ വർഷം കാമ്പയിൻ വിജയകരമായി നടപ്പിലാക്കുന്നതിന്റെ ഭാഗമായി സംസ്ഥാനം മുതൽ നഗരസഭ/ഗ്രാമ പഞ്ചായത്ത് വരെ കമ്മിറ്റി രൂപീകരിക്കാൻ സർക്കാർ ഉത്തരവു പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്. ഇതിന്റെ വിശദാംശങ്ങൾ അനുബന്ധം ഒന്നിലും രണ്ടിലും ചേർത്തിരിയ്ക്കുന്നു. |
| സി) മനുഷ്യജീവനും ടൂറിസം ഉൾപ്പെടെയുള്ള പ്രധാന വരുമാന സ്രോതസ്സുകൾക്കും സാംക്രമിക രോഗങ്ങൾ കടുത്ത വെല്ലുവിളി ഉയർത്തുന്ന സാഹചര്യം പരിശോധിക്കുമോ ; | സി) പരിശോധിച്ചു വരുന്നു. |
| ഡി) പ്രധാനനഗരങ്ങളിലെ മാലിന്യശേഖരണ സംസ്കരണ പ്രവർത്തനവുമായി ബന്ധപ്പെട്ട് പ്രസ്തുത കമ്മിറ്റി എന്തൊക്കെ നടപടികൾ കൈക്കൊള്ളും; വിശദാംശങ്ങൾ അറിയിക്കുമോ ? | ഡി) പ്രധാന നഗരങ്ങളിലെ മാലിന്യ ശേഖരണ സംസ്കരണ പ്രവർത്തനവുമായി ബന്ധപ്പെട്ട് നടത്താൻ നിശ്ചയിച്ചിട്ടുള്ള നടപടികൾ അനുബന്ധം 3-ൽ വിശദമാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്